ഉത്തരം

(എ&ബി) ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഷമീം അഹമ്മദ്, മുൻവർ റഹ്മാൻ എന്നീ വിദ്യാർത്ഥികൾക്ക് തൃശ്ശൂർ മെഡിക്കൽ കോളേജിലും, മുഹമ്മദ് ബഷീർ എന്ന വിദ്യാർത്ഥിക്ക് കോഴിക്കോട് മെഡിക്കൽ കോളേജിലും കോളേജ് പ്രിൻസിപ്പാൽമാർ പ്രവേശനം നൽകിയിട്ടുണ്ട്. എസ്. നവീൻ. എൻ. ആർ. പ്രശാന്ത് എന്നീ വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച പ്രശ്നം സർക്കാർ പരിശോധിച്ചുവരുന്നു.

സ്റ്റാഫ് നേഴ്സുമാരുടെ തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി

149 (153) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വേണ്ടത്ര സ്റ്റാഫ് നേഴ്സുമാരുടെ സേവനം ലഭ്യമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ എത്ര സ്റ്റാഫ് നേഴ്സുമാർ ജോലി നോക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(സി) സ്റ്റാഫ് നേഴ്സുമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) പുതുതായി സ്റ്റാഫ് നേഴ്സുമാരുടെ തസ്തിക സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഒഴിവുകളിൽ അടിയന്തിരമായി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 353

(സി) ഒരു തസ്തിക.

(ഡി) തൽക്കാലം പരിഗണനയിലില്ല.

(ഇ) മേൽപ്പറഞ്ഞ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

മഞ്ചേശ്വരം ഗവൺമെന്റ് ആശുപത്രി അപ്ഗ്രേഡ് ചെയ്യാൻ നടപടി

150 (154) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം ഗവൺമെന്റ് ആശുപത്രി അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതു തരത്തിലുള്ള ആശുപത്രിയാക്കാനാണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്ന് അപ്ഗ്രേഡ് ചെയ്യുമെന്ന് വ്യക്തമാക്കാമോ ;

(ഡി) രോഗികളെ കിടത്തി ചികിത്സിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മഞ്ചേശ്വരം 32 കിടക്കകളുള്ള പി.എച്ച്.സിയാണ്. ഇവിടെ അത്രയും കിടക്കകൾ ഇടുന്നതിനുള്ള സൗകര്യം പോലും വാർഡുകളിലില്ല. ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഈ പോരായ്മകൾ പരിഹരിക്കുകയും ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ കെട്ടിടവും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുകയും ചെയ്യുന്നതനുസരിച്ച് മാത്രമേ ആശുപത്രിയുടെ ഗ്രേഡ് ഉയർത്തുന്ന കാര്യം പരിഗണിക്കാനാവൂ.

(ബി) സാധാരണയായി 32 കിടക്കകളുള്ള സർക്കാർ ആശുപത്രിയെ സാമൂഹ്യാരോഗ്യകേന്ദ്രമായാണ് ഉയർത്താറുള്ളത്.

(സി) (എ) പിരിവിന്റെ മറുപടി ഇവിടെ ബാധകമാണ്.

(ഡി) ഇവിടെ താഴെ പറയുന്ന തസ്തികകൾ നിലവിലുണ്ട്.

1. മെഡിക്കൽ ഓഫീസർ	-	2
2. ഫാർമസിസ്റ്റ്	-	1
3. ഹെഡ്/സ്റ്റാഫ് നേഴ്സ്	-	4
4. നഴ്സിംഗ് അസിസ്റ്റന്റ്	-	3
5. ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 1	-	1
6. ആശുപത്രി അസിസ്റ്റന്റ് ഗ്രേഡ് 2	-	2
7. ക്ളറിക്കൽ അറ്റന്റർ	-	1

ഒരു ഹൈഡ്രോളിക് ഓപ്പറേഷൻ ടേബിളും ഉണ്ട്. അടിയന്തിര ഘട്ടങ്ങളിൽ രോഗികളുടെ ഉപയോഗത്തിനായി ഒരു വാഹനവും അനുവദിച്ചിട്ടുണ്ട്. കിടത്തി ചികിത്സ നടത്തുന്നതിന് മേൽ പ്രതിപാദിച്ചിട്ടുള്ള സ്റ്റാഫ് പര്യാപ്തമാണ്.

എലിപ്പനിബാധ

151(155) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാരാരിക്കുളം നിയോജകമണ്ഡലത്തിലെ തണ്ണീർമുക്കം പഞ്ചായത്തിൽ എലിപ്പനി മൂലം നിരവധിപേർ ആശുപത്രിയിൽ ചികിത്സയിലായതും മൂന്നുപേർ മരണപ്പെട്ടതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ രോഗനിയന്ത്രണത്തിന് എന്തു നടപടി സ്വീകരിച്ചു ;

(സി) എലിപ്പനി ചികിത്സയ്ക്കു സാമ്പത്തിക ചെലവ് കൂടുതലായാൽ രോഗബാധിതർക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly